# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5058 — 23.03.2018 ലെ മറുപടി

## പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജ് പണി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) ഇലക്ട്രിഫിക്കേഷൻ പണി പൂർത്തീകരിക്കാൻ സാധിക്കാത്തതു കാരണം പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടും കടുത്ത വേനലിൽ വെള്ളം പൂർണ്ണമായി ശേഖരിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഇലക്ട്രിഫിക്കേഷൻ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഷട്ടറിന്റെ മാന്വൽ ഓപ്പറേഷൻ ബുദ്ധിമുട്ടാണ്. ആയതിനാൽ പൂർണ്ണമായി ജലസംഭരണം നടത്താൻ സാധിച്ചിട്ടില്ല. എങ്കിലും റഗുലേറ്ററിൽ 2.5 മീറ്റർ ഉയരത്തിൽ ജലം സംഭരിച്ചു നിർത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) എങ്കിൽ മറ്റ് പ്രവൃത്തികൾ പൂർത്തിയായ സ്ഥിതിക്ക് ഇലക്ട്രിഫിക്കേഷൻ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ടുന്ന നടപടി സ്വീകരിക്കാൻ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**